<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3651**</u> <u>**12-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വയോജന സംരക്ഷണപദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മെച്ചപ്പെട്ട ജീവിത സൗകര്യത്തിനും ഉന്നത പഠനത്തിനുമായി യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുൾപ്പെടെ പുതിയ തലമുറ പോകുമ്പോൾ ഒറ്റപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യുവതലമുറയുടെ കുടിയേറ്റ പ്രവണത സംസ്ഥാനത്തുള്ള മുതിർന്നപൗരന്മാരുടെ സംരക്ഷണത്തേയും ക്ഷേമത്തേയും ചെറിയ തോതിലെങ്കിലും ബാധിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. കുറഞ്ഞ ജനനനിരക്കും വർദ്ധിച്ച കുടിയേറ്റനിരക്കും മുതിർന്നപൗരന്മാരുടെ ജനസംഖ്യാനിരക്കും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് വയോജന സംരക്ഷണ മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതിന് തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ വയോജന നയം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പടെ സ്വീകരിച്ചു വരുകയുമാണ്. മക്കൾ മെച്ചപ്പെട്ട ജീവിത സൗകര്യത്തിനും ഉന്നത പഠനത്തിനുമായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യത്തിൽ ഒറ്റപ്പെട്ട കിടപ്പു രോഗികളായ വയോജനങ്ങളെ പരിചരിക്കുന്ന കെയർഗിവർമാരുടെ സേവനം നിയന്ത്രിക്കുന്നതിനും അത്തരത്തിൽ കെയർഗിവർമാരെ നിയോഗിക്കുന്ന ഏജൻസികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | വൃദ്ധജനങ്ങളുടെ ജീവിതം സന്തോഷപ്രദമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ വൃദ്ധസദനങ്ങൾ, വയോജനകേന്ദ്രങ്ങൾ എന്നിവ സർക്കാർ, സ്വകാര്യ-ചാരിറ്റബിൾ സൊസൈറ്റി എന്നിവയുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് സാമൂഹ്യനീതിവകുപ്പിനു കീഴിൽ 17 സർക്കാർ വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നു. അശരണരും ഒറ്റപ്പെട്ട് കഴിയുന്നതുമായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനു വിവിധ സന്നദ്ധ സംഘടനകൾ നടത്തുന്ന 199 വൃദ്ധ സദനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. സ്വകാര്യ-ചാരിറ്റബിൾ സൊസൈറ്റികൾ നടത്തുന്ന വൃദ്ധമന്ദിരങ്ങളെ മോണിറ്റർ ചെയ്ത് രജിസ്ട്രേഷൻ നൽകൽ, അന്തേവാസികളുടെ ഭക്ഷണം, മരുന്ന് എന്നിവയ്ക്കുള്ള സർക്കാർ ഗ്രാന്റ് ഉൾപ്പടെ നല്ല സംരക്ഷണം നല്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ കാലഘട്ടത്തിൽ വൃദ്ധജനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ജീവിതം സന്തോഷപ്രദമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടെയുള്ള റിട്ടയർമെന്റ് ഹോമുകൾ ഇന്ന് സ്വകാര്യ മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിലും ഇത്തരത്തിൽ റിട്ടയർമെന്റ് ഭവനം ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി നടപ്പുവർഷത്തെ ബജറ്റിൽ ഇതിനായുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വയോജനങ്ങൾക്ക് പകൽസമയം ഒത്തുചേരുന്നതിനും മാനസിക ഉല്ലാസ പരിപാടികളിൽ പങ്കെടുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സായംപ്രഭ ഹോമുകൾ പ്രവർത്തിക്കുന്നു. |
| (സി) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉൾപ്പടെ വയോജന ക്ഷേമത്തിനും സംരക്ഷണത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | KASP, KBF എന്നീ പദ്ധതികൾ മുഖേന ഗുണഭോക്താക്കൾ ആയ വയോജനങ്ങൾക്ക് സൗജന്യ ചികിത്സ നിലവിൽ നല്കി വരുന്നുണ്ട്. വയോജന ക്ഷേമം മുൻനിർത്തി നിലവിൽ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് പുറമെ ചുവടെചേർക്കുന്ന പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>• **റിട്ടയർമെൻറ് ഹോമുകൾ-** ആയുർദൈർഘ്യം കൂടുതലായുള്ള കേരളത്തിൽ മുതിർന്നപൗരന്മാരുടെ എണ്ണം വളരെക്കൂടുതലാണ്. ഒരു പ്രായത്തിന് ശേഷം, അവരെ പരിചരിക്കേണ്ട ഉറ്റവർ, ജോലി സംബന്ധമായും മറ്റു കാരണങ്ങളാലും തനിച്ചാക്കപ്പെടുന്ന വയോജനങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നുണ്ട്. മുതിർന്നപൗരന്മാർക്ക് നേരിടേണ്ടി വരുന്ന ഇത്തരം ബുദ്ധിമുട്ടുകൾക്ക് ബദലായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് **“റിട്ടയർമെന്റ് ഹോമുകൾ** “. സർക്കാർ നിയന്ത്രണങ്ങളോടു കൂടിയും മേൽനോട്ട സംവിധാനങ്ങളോടുകൂടിയും പണമടച്ചുള്ള വ്യവസ്ഥകളിന്മേൽ വയോ സൗഹാർദ്ദമായി പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. നടപ്പു വർഷം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊവിഷൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**വയോജന സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായുള്ള വെബ്പോർട്ടൽ** |

**ആവിഷ്കരിക്കുന്ന പദ്ധതി** — വയോജനക്ഷേമ സ്ഥാപനങ്ങളിലെ കെയർഗീവർമാർക്കായി ഓൺലൈൻ ട്രെയിനിംഗ് , സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തി വരുന്ന സായംപ്രഭ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ ഓൺലൈൻ ആയി മോണിറ്ററിംഗ് ചെയ്യുക, വയോജന മേഖലയിൽ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുക, വയോജനങ്ങൾക്ക് വകുപ്പ് വഴി നല്കുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുക, MWPSC ആക്ടുമായി ബന്ധപ്പെട്ട് വയോജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ, ആക്ടുമായി ബന്ധപ്പെട്ട കേസുകളുടെ മോണിറ്ററിംഗ് തുടങ്ങി ഭാവിയിൽ വയോജനമേഖലയുമായി ബന്ധപ്പെട്ട് വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെഎല്ലാ വിഷയങ്ങളും ഉൾപ്പെടുത്താവുന്ന തരത്തിൽ ഫ്ളെക്സിബിൾ ആയ ഒരു വെബ് പോർട്ടൽ ആരംഭിക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ഐകെഎമ്മുമായി ധാരണാപത്രം ഒപ്പ വെച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**സംസ്ഥാന വയോജന കമ്മീഷൻ** - വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും, വയോജനങ്ങളുടെ കഴിവുകൾ പൊതു സമൂഹത്തിലേക്ക് ഉപയുക്തമാക്കുന്നതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേക്കും, വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ, ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച പരിശോധന നടത്തുന്നതിനും, ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിലേക്കായി നടപടികൾ പുരോഗമിച്ച് വരുന്നു.

**ട്രാക്കിംഗ് സോഫ്റ്റ് വെയർ- MWPSC Act-2007** പ്രകാരം മാതാപിതാക്കൾക്കും, മുതിർന്നപൗരന്മാർക്കും റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ പരാതികൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് കുറയ്ക്കുക, നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുക, Maintenance, Protection മുതലായ ഉത്തരവുകൾ എതിർ കക്ഷികൾ പാലിക്കുന്നുണ്ടെന്ന്

ഉറപ്പ വരുത്തുക, ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ സംവിധാനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നീ വിവിധ ഉദ്ദേശ്യങ്ങളോട് കൂടി MWPSC ട്രാക്കിംഗ് സോഫ്റ്റ് വെയർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ടി പ്ലാറ്റ്ഫോം വഴി ഏതൊരു വ്യക്തിക്കും ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനും, സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി അറിയുന്നതിനും, നടപടിക്രമങ്ങൾ കൃത്യ സമയത്ത് മനസ്സിലാക്കുന്നതിനും, ഉത്തരവുകൾ ഡൗൺലോഡ് ചെയ്തു സൂക്ഷിക്കുവാനും, ഓൺലൈൻ ആയി തന്നെ അപ്പീൽ സമർപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്.

വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.

- വയോജനങ്ങൾക്ക് ശാരീരിക - മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾ
- വയോജനങ്ങൾക്ക് യോഗ പരിശീലനം
- വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ
- വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ് ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും, ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം ക്യൂവിനുള്ള സംവിധാനങ്ങളും
- പകൽ വീടുകൾ, വയോജന പരിപാലനകേന്ദ്രം (Old Age Home)
- വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം
- ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ സഹായ ഉപകരണങ്ങൾ (ഹിയറിംഗ് എയ്ഡ്, വീൽച്ചെയർ, വാക്കർ എന്നിവ), പരിഹാര സംവിധാനങ്ങൾ മുതലായവ
- പുതിയ പൊതു കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവ വയോജന സൗഹൃദമാണെന്ന് ഉറപ്പുവരുത്തൽ.
- വയോ ക്ലബ്ബുകൾ (പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ- വിനോദകേന്ദ്രങ്ങൾ)

| | | | |
|---|---|---|---|
| | | | <ul><li>വയോജനങ്ങൾക്ക് കട്ടിൽ - 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക്</li><li>ഇടുക്കി, വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശത്തു താമസിക്കുന്ന 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളിപുതപ്പ്.</li></ul> |

സെക്ഷൻ ഓഫീസർ